പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 44. — 28.05.2019- ൽ മറുപടിയ്ക്ക്

**അഗ്രികൾച്ചർ അസിസ്റ്റന്റ് പി.എസ്.സി. നിയമന യോഗ്യത**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ. ശശി. | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | അഗ്രികൾച്ചർ അസിസ്റ്റന്റ് (കാറ്റഗറി. നം. 444/16 ) നിയമനത്തിന് സ്വീകരിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ ; | (എ) | **എ** (i) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും നൽകപ്പെടുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഐറ്റം (i) അനുസരിച്ച് യോഗ്യതയുള്ളവരുടെ അഭാവത്തിൽ,<br>(ii) അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് ഐറ്റം (i) ഉം (ii) ഉം പ്രകാരം നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്തിൽ,<br>(iii) (1) കൃഷി മുഖ്യവിഷയമായിട്ടുള്ള എസ്. എസ്. എൽ. സി യോ തത്തുല്യമായ യോഗ്യതയോ<br>അല്ലെങ്കിൽ,<br>(2) എസ്. എസ്. എൽ. സി യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും<br>അല്ലെങ്കിൽ<br>(3) കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്.<br>**(ബി)** നല്ല കായിക ശേഷി |
| (ബി) | കാർഷിക ഡിപ്ലോമക്കാർക്കും കാർഷിക ബിരുദധാരികൾക്കും തുല്യ പരിഗണന ലഭ്യമാക്കുമോ; | (ബി)<br>&<br>(സി) | പരിശോധിച്ചുവരുന്നു. |
| (സി) | നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾ മാറ്റുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ